DESPATCHED
On...22/2/2020
1/1/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP. 840*(2)/2019*/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 6753/എസ്.ഐ.സി-ജി 6/2019)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. വി. സുദീശൻ**
**'ജയ്ഹിന്ദ്, ശിവ പാർവ്വതി',**
**സുദർശന വിലാസം, കിഴുവിലം പി.ഒ**
**മാമം, ആറ്റിങ്ങൽ – 695104.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
**അണ്ടർ സെക്രട്ടറി**
**പൊതുഭരണ (സി.എം.പി.ജി.ആർ.സി) വകുപ്പ്**
**കേരള ഗവൺമെന്റ് സെക്രട്ടറിയറ്റ്**

2. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
**അണ്ടർ സെക്രട്ടറി**
**പബ്ലിക് വർക്ക്സ് ഡിപ്പാർട്ടുമെന്റ്**
**കേരള ഗവൺമെന്റ് സെക്രട്ടറിയറ്റ്**

3. **അപ്പീൽ അധികാരി & ജോയിന്റ് സെക്രട്ടറി**
**പൊതുഭരണ (സി.എം.പി.ജി.ആർ.സി) വകുപ്പ്**
**കേരള ഗവൺമെന്റ് സെക്രട്ടറിയറ്റ്**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.12.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16.01.2019,22.01.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 06.03.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 02.04.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 22.04.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 22.04.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08.08.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 21.08.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 07.09.2019, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ 19(1) വകുപ്പനുസരിച്ചുള്ള സമയപരിധിയ്ക്കകമല്ല സമർപ്പിച്ചത് എന്ന കാരണത്താൽ ഒന്നാം അപ്പീൽ അധികാരി നിരസിച്ചെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 22.12.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് ആറ്റിങ്ങൽ നഗരസഭ പരിപാലിക്കുന്ന കേന്ദ്ര പൊതുമരാമത്ത് പി.ഡബ്ല്യൂ.ഡി പൊതു ഓട ക്ലീൻ ചെയ്ത് സംരക്ഷിക്കുന്നതിനും, ആശാസ്ത്രീയമായി ഓട പുനർ നിർമ്മാണം ചെയ്ത് ഇന്റർ ലോക്ക് ചെയ്ത് മൂടികെട്ടിയത് സംബന്ധിച്ച് ഗവർണറുടെ ആഫീസിൽ സമർപ്പിച്ച കത്തിന്, ബഹു. പൊതുഭരണവകുപ്പ് ( മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെൽ) ഡെപ്യൂട്ടി സെക്രട്ടറിയുടെ സമക്ഷത്ത് നിന്ന് സ്വീകരിച്ച നടപടികൾ സംബന്ധിക്കുന്ന ഫയൽ, റിക്കാർഡ് വിവരങ്ങൾ അറ്റസ്റ്റ് ചെയ്ത് ലഭിക്കുവാനായിരുന്നു.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 16.01.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച പരാതി രജിസ്റ്റർ ചെയ്ത് തുടർനടപടിക്കായി 28.06.2018 പൊതുമരാമത്ത് വകുപ്പിന് 6(3) വകുപ്പ് പ്രകാരം കൈമാറിയിട്ടുണ്ടന്നാണ്. ആയതിന് രണ്ടാം എതിർകക്ഷി 22.01.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത് ടിയാൻ സമർപ്പിച്ച അപേക്ഷയിൻമേൽ സർക്കാർ സ്വീകരിച്ച നടപടിയുൾപ്പെടെയുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, ബന്ധപ്പെട്ട കുറിപ്പ് ഫയലിന്റെ പകർപ്പുകളും നല്കിയെന്നാണ്.

4. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 06.03.2019 തീയതി അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിൽ അറിയിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ നൽകിയ മറുപടിയിൽ 28.06.2018 പൊതുമരാമത്ത് വകുപ്പിന് കൈമാറിയെന്നത് തൃപ്തികരമാണെന്നും 22.01.2019 അവിടെ നിന്നും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിൽ ഫോർവേഡ് ചെയ്തിട്ടുള്ള വിവരങ്ങൾ അടങ്ങിയ ഫയൽ റിക്കാർഡ് വിവരങ്ങൾ മാത്രമാണ് നൽകിയതെന്നും എന്നാൽ ഹർജി പ്രകാരം ഡിപ്പാർട്ട്മെന്റ് നടപടികൾ സംബന്ധിക്കുന്ന റിക്കാർഡ് വിവരങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ലെന്നുമാണ്.

5. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ അപ്പീൽ അധികാരി 02.04.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും, വിവരാവകാശനിയമം സെക്ഷൻ 19(1) അനുസരിച്ചുള്ള സമയപരിധിക്കകമല്ല ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്നതിനാൽ ടി അപേക്ഷ നിരസിച്ചുകൊണ്ട് 19(6) സെക്ഷൻ പ്രകാരം തീർപ്പാക്കുന്നുവെന്നാണ്.

6. 21.08.2019 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, എതിർ കക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ എല്ലാം നൽകിയിട്ടുണ്ടെന്നാണ്.

7. ഒന്നാം എതിർകക്ഷി 27.08.2019 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ഗവർണർ മുമ്പാകെ സമർപ്പിച്ച പരാതി രജിസ്റ്റർ ചെയ്ത് തുടർനടപടിക്കായി 28.06.2018 പൊതുമരാമത്ത് വകുപ്പിന് 6(3) വകുപ്പ് പ്രകാരം കൈമാറിയെന്നും ടി വിവരം ഹർജിക്കാരന് മറുപടിയായി നൽകിയെന്നും അപ്പീലിൽ മറുപടി തൃപ്തികരമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് സെക്ഷൻ 19(1) അനുസരിച്ചുള്ള സമയപരിധിക്കകമല്ല എന്നതിനാൽ ടി അപേക്ഷ നിരസിച്ചുകൊണ്ട് 19(6) സെക്ഷൻ പ്രകാരം തീർപ്പാക്കിയെന്നും, ഹർജിക്കാരൻ ആവശ്യപ്പെടുന്ന വിവരങ്ങൾ ടി വകുപ്പിൽ ലഭ്യമല്ലാത്തതിനാലാണ് തുടർനടപടിക്കായി പൊതുമരാമത്ത് വകുപ്പിനു കൈമാറിയതെന്നും, മറുപടി തൃപ്തികരമല്ലെങ്കിൽ അപ്പീൽ സമർപ്പിക്കേണ്ടത് ആ വകുപ്പിലെ അപ്പീൽ അതോറിറ്റിക്കാണെന്നുമാണ്.

8. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും കമ്മീഷൻ മുമ്പാകെ ഹാജരായ എസ്.പി.ഐ.ഒ. യുടെ മൊഴിയുടെ അടിസ്ഥാനത്തിലും, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേ ദിവസം 2020 ജനുവരി 1-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**(ഒപ്പ്)**

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**